തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉണ്ടാകുന്നതാണ്. വിവിധ തരത്തിലുള്ള ബിസിനസ് ആവശ്യമായ സൗകര്യങ്ങൾ നൽകുന്ന ഒരു കൃാമ്പസ് ആയിരിക്കുമത്. ഐ. സി. റ്റി. ബിസിനസ്സിനു ആവശ്യമായ എല്ലാ സൗകര്യങ്ങളും നൽകുന്ന ഒരു ഏക ജാല സംവിധാനവുമായിരിക്കും. കേരളത്തിൽ കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതുകൊണ്ട് കേരളത്തെ ആഗോള നിലവാരത്തിലുള്ള ഒരു ഒന്നാംകിട ഉന്നത സാങ്കേതിക വിദ്യാ കേന്ദ്രമാക്കി മാറ്റുന്നതും കൊച്ചിയെ അന്തർദേശീയ ഐ. ടി./ഐ. ടി. ഇ. എസ്/ബയോടെക്നോളജി വ്യവസായ കേന്ദ്രമാക്കി മാറ്റുവാനാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിക്ക് മൊത്തം കണക്കാക്കിയിരിക്കുന്ന ചിലവ് 1500 കോടി രൂപയാണ്. 75,000 ജോലി സാദ്ധ്യതകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മലയോര വികസന അതോറിറ്റി

84 [859] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലയോര വികസന അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളാണ് അതോറിറ്റിയുടെ പരിധിയിൽപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്നും അതോറിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങളും ചുമതലകളും എന്തൊക്കെയാണെന്നും അറിയിക്കുമോ ;

(സി) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷ്പ്തമായ ഏതൊക്കെ ചുമതലകളും അധികാരങ്ങളും നിർദ്ദിഷ്ട അതോറിറ്റിക്ക് നൽകാനുദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ഡി) മലയോര വികസന അതോറിറ്റിക്ക് എന്തുതുക നീക്കിവെച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ പശ്ചിമഘട്ട പ്രദേശമായി പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മേഖലകളാണ് ഈ അതോറിറ്റിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഇതുവഴി മലയോര പ്രദേശത്ത് സുസ്ഥിരമായ സാമ്പത്തിക സ്ഥിതി സംജാതമാക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്.

(സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഒന്നും തന്നെ അതോറിറ്റിക്ക് നൽകാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) 2004-05-ലെ ബജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ 2004-05-ലെ ബജറ്റ് പ്രഖ്യാപനത്തിൽ 7.5 കോടി രൂപ നീക്കിവെയ്ക്കുന്നതായി പ്രസ്താവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly